# “ഉക്രെയിനിലെ സമാധാനത്തിനായുള്ള ഉച്ചകോടി”യിൽ ഭാരതത്തിൻ്റെ പങ്കാളിത്തം

ജൂൺ 16, 2024

2024 ജൂൺ 15, 16 തീയതികളിൽ സ്വിറ്റ്സർലാൻ്റിൻ്റെ ആതിഥേയത്വത്തിൽ ബർഗൻസ്റ്റോക്കിൽ നടന്ന ഉക്രെനിലെ സമാധാനത്തിനായുള്ള ഉച്ചകോടിയിൽ വിദേശകാര്യവകുപ്പിലെ പശ്ചിമരാജ്യങ്ങൾക്കായുള്ള സെക്രട്ടറി ശ്രീ പവൻ കപൂർ ഭാരതത്തെ പ്രതിനിധീകരിച്ചു. ഈ ഉച്ചകോടിയിൽ ഉരുത്തിരിഞ്ഞുവന്ന ഒരു സന്ദേശത്തിലും രേഖയിലും ഭാരതം ഭാഗഭാക്കായില്ല.

ഈ ഉച്ചകോടിയിലെ ഭാരതത്തിൻ്റെ പങ്കാളിത്തവും, ഒപ്പം ഇതിനു മുമ്പു നടന്ന, ഉക്രെൻ സമാധാന പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള ദേശീയ സുരക്ഷാ ഉപദേഷ്ടാവ്/ പൊളിറ്റിക്കൽ ഡയറക്ടർ തല കൂടിക്കാഴ്ചകളും, ഈ യുദ്ധത്തിന് സംഭാഷണങ്ങളും നയതന്ത്രവും മുഖേന ശാശ്വതവും സമാധാനപൂർണ്ണവുമായ ഒരു തീരുമാനം കൈക്കൊള്ളണം എന്നുള്ള നമ്മുടെ സുസ്ഥിരമായ കാഴ്ചപ്പാടിനെ പിൻപറ്റിയുള്ളതാണ്. ഇത്തരം ഒരു തീരുമാനത്തിൽ എത്തിച്ചേരാനായി ഈ യുദ്ധത്തിൽ പങ്കാളികളായ ഇരുകക്ഷികളുടെയും ആത്മാർത്ഥവും പ്രായോഗികവുമായ സഹകരണം വേണമെന്ന് നാം വിശ്വസിച്ചുപോരുന്നു.

ഇക്കാര്യത്തിൽ എത്രയും വേഗത്തിലും സ്വീകാര്യമായതുമായ സമാധാനം കൈവരുത്തുന്നതിനുള്ള ആത്മാർത്ഥ ശ്രമങ്ങളിൽ തങ്ങളുടെ സംഭാവന നൽകാനായി ഭാരതം ഇതിലെ എല്ലാ കക്ഷികളുമായും, ഒപ്പം ഇരു രാജ്യങ്ങളുമായും ആശയവിനിമയം നടത്തുന്നത് തുടരും.

**ബേൺ**
**ജൂൺ 16, 2024**